KERALA POLICE INFORMATION CENTRE
Ph: 0471 2318188 Email: *info.pol@kerala.gov.in*

No.191/PR/PIC/PHQ/18 Date : 01.08.2018

## പോലീസ് ടെലികമ്മ്യൂണിക്കേഷൻ ഉദ്യോഗസ്ഥരെ സ്മാർട്ട് പോലീസ് സ്റ്റേഷനുകളിൽ നിയോഗിക്കും.

സംസ്ഥാനത്തെ 100 പോലീസ് സ്റ്റേഷനുകൾ സ്മാർട്ട് പോലീസ് സ്റ്റേഷനുകളാക്കി മാറ്റുന്നതിന് ഒരോ സ്റ്റേഷനിലേക്കും ടെലി കമ്മ്യൂണിക്കേഷൻ വിഭാഗത്തിൽ നിന്നും ഒരോ ഉദ്യോഗസ്ഥരെ നിയോഗിക്കാൻ സംസ്ഥാനപോലീസ് മേധാവി ഉത്തരവായി

റെയിഞ്ച് ഐ.ജി മാരുമായി ആലോചിച്ച് ഇതിനായുള്ള പോലീസ് സ്റ്റേഷനുകൾ തെരഞ്ഞെടുക്കുന്നതിന് ടെലി കമ്മ്യൂണിക്കേഷൻ എസി. പിയെ ചുമതലപ്പെടുത്തി. ടെലി കമ്മ്യൂണിക്കേഷൻ വിഭാഗത്തിന്റെ പ്രവർത്തനത്തിന് തടസ്സം വരാത്ത വിധത്തിലാവും ഉദ്യോഗസ്ഥരെ സ്റ്റേഷനുകളിൽ വിന്യസിക്കുന്നത്. ആശയവിനിമയം, കമ്പ്യൂട്ടർ പ്രവർത്തനങ്ങൾ, സി.സി.റ്റി.എൻ.എസ്, ഹാർഡ് വെയർ, സോഫ്റ്റ് വെയർ തുടങ്ങി ബന്ധപ്പെട്ട ചുമതലകൾ ഇവർ നിർവ്വഹിക്കും. മറ്റു ഡ്യൂട്ടികൾക്ക് ഇവരെ നിയോഗിക്കരുത് എന്ന് എസ്.എച്ച്.ഒമാർക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്. സ്മാർട്ട് പോലീസ് സ്റ്റേഷനുകളിൽ പരീക്ഷണാടിസ്ഥാനത്തിൽ തുടങ്ങുന്ന ഈ നിയമനം നിരീക്ഷിച്ച ശേഷം മറ്റു സ്റ്റേഷനുകളിലേക്കും വ്യാപിപ്പിക്കണമെന്നും നിയമിക്കുന്ന ഉദ്യോഗസ്ഥർക്ക് ഏകദിന പരിശീലനം ടെലി കമ്മ്യൂണിക്കേഷൻ എസ്.പി യുടെ നേതൃത്വത്തിൽ സംഘടിപ്പിക്കണമെന്നും സംസ്ഥാന പോലീസ് മേധാവി നിർദ്ദേശിച്ചിട്ടുണ്ട്.

***************